**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5958** **09-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br><br>**1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്**<br><br>പുന:സംഘടനയിലൂടെ വകുപ്പിനെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളായി തിരിച്ചുകൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ടാക്സ് പെയർ സർവ്വീസസ് നികുതിദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യിപ്പിക്കുന്നതിനും ഫയൽ ചെയ്യപ്പെട്ട റിട്ടേണുകൾ പരിശോധിച്ച് പൊരുത്തക്കേടുകൾ കണ്ടെത്തി പരിഹരിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു.<br><br>എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം |

സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളും എടുക്കുന്നു.

ഇന്റലിജൻസ് വിഭാഗം വിവരസാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ ഇൻസ്പെക്ഷൻ നടത്തി നികുതിയും പലിശയും പിഴയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.

**2. മോട്ടോർവാഹന വകുപ്പ്**

എല്ലാ ബുധനാഴ്ചകളിലും നികുതി പിരിവ് പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ നികുതി ഒടുക്കാതെ വരുകയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക ഈടാക്കുന്നു. ദീർഘകാലമായി നികുതി ഒടുക്കാത്തതോ നിരത്തിലുപയോഗിക്കാത്തതോ ആയ വാഹനങ്ങളുടെ നികുതി കുടിശ്ശിക ആംനെസ്റ്റി പദ്ധതി പ്രകാരം ഇളവുകളോടെ നികുതി ഒടുക്കി കുടിശ്ശിക തീർപ്പാക്കുവാൻ അവസരം നൽകുന്നു. ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ നികുതി അടയ്ക്കാത്ത വാഹനങ്ങൾ നിരത്തിലിറങ്ങുന്നില്ല എന്നുറപ്പാക്കുന്നു.

**3. എക്സൈസ് വകുപ്പ്**

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ മദ്യഷോപ്പുകൾക്ക് വിവിധങ്ങളായ ലൈസൻസുകളും നൽകിവരുന്നു. ഈ ലൈസൻസുകൾക്ക് ഈടാക്കുന്ന ഫീസുകൾ കാലാനുക്രമമായി ഉയർത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നികുതി പിരിവ് സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സർവ്വീസ് പ്ലസ് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ച് എല്ലാവിധ ലൈസൻസുകളും പെർമിറ്റുകളും അനുവദിക്കുന്നതിനും

പുതുക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. ഇതുവഴി മരുന്ന് നിർമ്മാണത്തിനുപയോഗിക്കുന്ന മയക്കുമരുന്നുകൾ കൈകാര്യം ചെയ്യുന്നതിനും ആയുർവേദ മരുന്ന് നിർമ്മാണത്തിനും, സ്പിരിറ്റ്, വിദേശ മദ്യം എന്നിവ ഇറക്കുമതി ചെയ്യുന്നതിനുമുള്ള ലൈസൻസ് ഫീസുകൾ, വൺ ഡേ പെർമിറ്റ്, ട്രാൻസ്പോർട്ട് & ഇംപോർട്ട്, എക്സ്പോർട്ട് പെർമിറ്റ് ഫീസുകൾ, ലേബൽ അപ്രൂവൽ, ബ്രാൻഡ് രജിസ്ട്രേഷൻ ഫീസുകൾ എന്നീ നികുതി വരുമാനങ്ങൾ കൃത്യതയോടെയും സുതാര്യതയോടെയും സർക്കാരിലേക്ക് സമാഹരിച്ചുവരുന്നു. കൂടാതെ, എക്സൈസ് വകുപ്പ് വിവിധ കേസുകളിൽ പിടികൂടിയ, സർക്കാരിലേക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ സമയബന്ധിതമായി ഡിസ്പോസൽ ചെയ്ത് ആയതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെയും മറ്റ് അന്യസംസ്ഥാന മദ്യം ഉൾപ്പെടെയുള്ള വ്യാജമദ്യത്തിന്റെയും വ്യാപനം തടഞ്ഞ് നികുതി ചോർച്ച തടയുന്നതിനും അതുവഴി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

വിവിധ കേസുകളിൽ വകുപ്പ് കണ്ടുകെട്ടിയ വാഹനങ്ങളുടെ ഡിസ്പോസൽ വേഗത്തിലാക്കി ലഭ്യമാക്കുന്ന വരുമാനവും, കേസുകൾ കോമ്പൗണ്ട് ചെയ്യപ്പെടുമ്പോൾ ലഭ്യമാകുന്ന പിഴത്തുക, കേസുകളിന്മേൽ ചുമത്തപ്പെടുന്ന പിഴത്തുക, കോട്പ കേസുകളിൽ നിന്നും ലഭ്യമാകുന്ന പിഴത്തുക തുടങ്ങിയവയിലൂടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായ പ്രവർത്തനം നടത്തിവരുന്നു.

**4. രജിസ്ട്രേഷൻ വകുപ്പ്**

സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് രജിസ്ട്രേഷൻ സമയത്ത് തന്നെ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നു. കേരള മുദ്രപത്രനിയമം വകുപ്പ് 28A പ്രകാരം ഫെയർവാല്യൂ നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ വില ഫെയർവാല്യൂവിനേക്കാളും കുറച്ച് കാണിച്ച് രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ കേരള മുദ്രപത്രനിയമം വകുപ്പ് 45A പ്രകാരം സബ് രജിസ്ട്രാർ, കക്ഷിക്ക് ഏഴ് ദിവസത്തിനകം കുറവ് തുക ഒടുക്കുന്നതിനുള്ള demand notice നൽകുകയും കുറവ്

| | | | |
|---|---|---|---|
| | | | തുക ഈടാക്കിയതിനുശേഷം മാത്രം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നു. ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ലാത്ത വസ്തുവിന്റെ വില കുറച്ച് കാണിച്ച് രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രജിസ്റ്റർ ചെയ്തതിനുശേഷം ആയതിന്റെ കുറവ് തുക ഈടാക്കുന്നതിനായി കേരള മുദ്രപത്രനിയമം 45(ബി) വകുപ്പ് പ്രകാരം അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. അണ്ടർവാല്യുവേഷൻ നടപടിയുടെ ഭാഗമായി അയയ്ക്കുന്ന നോട്ടീസ് പ്രകാരമുള്ള കുറവ് തുക ഒടുക്കാത്ത കേസുകളിൽ തുക ഈടാക്കുന്നതിനായി അന്തിമ ഉത്തരവ് നൽകി നിയമാനുസൃത നടപടികൾ പൂർത്തിയാക്കി തുക ഒടുക്കാത്ത കേസുകൾ റവന്യൂ റിക്കവറിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം മുദ്രവില ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി ഓഡിറ്റ് പരിശോധനയിലൂടെയും മറ്റും ശ്രദ്ധയിൽപ്പെടുമ്പോൾ കുറവ് മുദ്രവില ഈടാക്കുന്നതിനായി കേരള മുദ്രപത്രനിയമം, വകുപ്പ് 33 എ 2019- ലെ ഫിനാൻസ് ആക്ട് പ്രകാരം കൂട്ടി ചേർക്കുകയുണ്ടായി. കൂടാതെ, അണ്ടർവാല്യുവേഷൻ കേസുകൾക്ക് കോമ്പൗണ്ടിംഗ് പദ്ധതി നടപ്പിലാക്കുന്നതിനും, കെട്ടിടങ്ങളുടെ വാല്യുവേഷൻ നിശ്ചയിക്കുന്നതിനായി പുതുക്കിയ മാനദണ്ഡങ്ങൾ കൊണ്ടുവരുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>റവന്യൂ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം ഓൺലൈൻ നികുതി വെട്ടിപ്പുകൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വെട്ടിപ്പുകൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഓൺലൈൻ നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം ഉചിതമായ നിയമനടപടി സ്വീകരിക്കുന്നതിനായി, ഇത്തരം നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിനായി വകുപ്പ് സസൂക്ഷ്മം നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ ഉല്പന്നങ്ങൾക്കും ജി.എസ്.ടി. ബിൽ നൽകുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിവരുന്ന ഇൻസ്പെക്ഷൻ/ സെർച്ച്/ ടെസ്റ്റ് പർച്ചേസ് തുടങ്ങിയ നടപടികളിലൂടെ ജി.എസ്.ടി. ബാധകമാകുന്ന എല്ലാ ഉല്പന്നങ്ങൾക്കും ജി.എസ്.ടി. ബിൽ നൽകുന്നുവെന്ന് ഉറപ്പുവരുത്തുകയും ക്രമക്കേട് കണ്ടെത്തുന്നപക്ഷം ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ